REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- മലേഷ്യ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ പ്രധാനമന്ത്രിയുമായി ക്വാലാലംപൂരിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി.
- ഛത്തീസ്ഗഡിലെ മാവോയിസ്റ്റ് പ്രദേശങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളും വികസന പദ്ധതികളും ആഭ്യന്തര മന്ത്രി അമിത്ഷാ റായ്പൂരിൽ ഇന്ന് അവലോകനം ചെയ്യും.
- കേരളം നെല്ലിന് നൽകുന്ന അധിക പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.
- കായികമേഖലയിലെ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ ഇടപെടണമെന്ന് മന്ത്രി V അബ്ദുറഹിമാൻ.
- സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം അല്പസമയത്തിനകം സർവീസസിനെ നേരിടും.

## വാർത്തകൾ വിശദമായി

**മലേഷ്യ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി ക്വാലാലംപൂരിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. ഭീകരവാദത്തിന്റെ കാര്യത്തിൽ ഇരട്ടത്താപ്പുകളോ വിട്ടുവീഴ്ചകളോ പാടില്ലെന്ന ഇന്ത്യയുടെ നിലപാട് അദ്ദേഹം ആവർത്തിച്ചു. ഭീകരവാദത്തിനെതിരായ പോരാട്ടം, ഇന്റലിജൻസ് വിവരങ്ങൾ പങ്കുവെക്കൽ, സമുദ്ര സുരക്ഷ, പ്രതിരോധം എന്നീ**

മേഖലകളിൽ സഹകരണം വിപുലീകരിക്കുമെന്ന് കൂടിക്കാഴ്ചക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

ഇരുരാജ്യങ്ങളും തമ്മിലെ ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന്റെ ഭാഗമായി ദുരന്തനിവാരണം, ഓഡിയോ വിഷ്വൽ കോ-പ്രൊഡക്ഷൻ, അഴിമതി തടയൽ, സെമികണ്ടക്ടർ വികസനം, സുരക്ഷ എന്നീ മേഖലകളിൽ സഹകരിക്കാൻ ധാരണാപത്രങ്ങൾ ഇരുവരും കൈമാറി.

ഊർജ്ജം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് പുറമെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെമികണ്ടക്ടർ, ആരോഗ്യം, ഭക്ഷ്യ സുരക്ഷ എന്നീ അത്യാധുനിക മേഖലകളിലും സഹകരണം വർദ്ധിപ്പിക്കാൻ തീരുമാനമായി. സമുദ്ര അയൽക്കാർ എന്ന നിലയിൽ ഇരുരാജ്യങ്ങൾക്കുമിടയിലെ സവിശേഷബന്ധവും മലേഷ്യയിലെ ഇന്ത്യൻ പ്രവാസികളുടെ നിർണായക പങ്കും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

ആസിയാൻ കൂട്ടായ്മയുടെ അധ്യക്ഷപദം ഏറ്റെടുത്ത മലേഷ്യയെ പ്രധാനമന്ത്രി അഭിനന്ദിക്കുകയും ഇന്ത്യ-ആസിയാൻ ചരക്ക് വ്യാപാര കരാർ എത്രയും വേഗം പുനരവലോകനം ചെയ്യാൻ ഇരുരാജ്യങ്ങളും സമ്മതിച്ചതായും അറിയിച്ചു.

✪✪✪

അഞ്ച് ദിവസത്തെ ഇന്ത്യ സന്ദർശനത്തിന് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയും പ്രഥമ വനിത വെറോണിക് ഹെർമിനിയും മുംബൈയിലെത്തി. കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാളുമായി സീഷെൽസ് പ്രസിഡന്റ് കൂടിക്കാഴ്ച നടത്തി.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സംഘടിപ്പിച്ച ഇന്ത്യ-സീഷെൽസ് ബിസിനസ് റൗണ്ട് ടേബിളിലും ഹെർമിനി പങ്കെടുത്തു.

✪✪✪

ഇന്ത്യ- അമേരിക്ക ഇടക്കാല വ്യാപാര കരാർ സന്തുലിതവും കർഷക താൽപര്യങ്ങൾ പൂർണമായി സംരക്ഷിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ സുലഭമായി ഉത്പാദിപ്പിക്കുന്ന കാർഷിക- ക്ഷീരോത്പന്നങ്ങളെ താരിഫ് ഇളവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

നെല്ല് ഗോതമ്പ്, പഞ്ചസാര, മെയ്സ്, സോയാബീൻ, കോഴി വളർത്തൽ എന്നിവ ഇവയിൽ ഉൾപ്പെടുമെന്ന് പീയുഷ് ഗോയൽ ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു.

നേരത്തെ ഏർപ്പെടുത്തിയിരുന്ന 50 ശതമാനം കയറ്റുമതി, താരിഫ് കരാർ പ്രകാരം 18 ശതമാനമായി കുറയുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

UPSC കോൾ സെന്ററിന്റെ പ്രവർത്തന സമയം വർദ്ധിപ്പിച്ചു. സിവിൽ സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പരീക്ഷകൾക്ക് അപേക്ഷാ സമർപ്പണം പൂർത്തിയാകുന്നത് വരെ ശനി, ഞായർ, അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസവും കോൾ സെന്റർ പ്രവർത്തിക്കും. രാവിലെ 7 മുതൽ രാത്രി 9 വരെ രണ്ട് ഷിഫ്റ്റുകളിലാണ് പ്രവർത്തനം. കോൾസെന്ററിൽ കൂടുതൽ ജീവനക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട്.

ഉദ്യോഗാർത്ഥികൾക്ക് വേഗത്തിൽ സമയബന്ധിതമായ സഹായം ഉറപ്പാക്കാനാണ് കോൾ സെന്റർ വിപുലീകരണമെന്ന് UPSC ചെയർമാൻ ഡോ. അജയ് കുമാർ പറഞ്ഞു.

✪✪✪

ഛത്തീസ്ഗഢിലെ മാവോയിസ്റ്റ് പ്രദേശങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളും വികസന പദ്ധതികളും ആഭ്യന്തര മന്ത്രി അമിത്ഷാ റായ്പൂരിൽ ഇന്ന് അവലോകനം ചെയ്യും. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളിലെ മുതിർന്ന ഉദ്യോഗസ്ഥരും, സുരക്ഷാ ഏജൻസികളും യോഗത്തിൽ പങ്കെടുക്കും.

വൈകിട്ട് റായ്പൂരിൽ ഛത്തീസ്ഗഡ് @ 25 ഷിഫ്റ്റിംഗ് ദ ലെൻസ് എന്ന ദേശീയ കോൺക്ലേവിലും അമിത്ഷാ മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ ആകാശവാണി പ്രക്ഷേപണം ചെയ്യും. രാവിലെ 10 മുതലാണ് പരിപാടി. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണി നിലയങ്ങളിലും യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

✪✪✪

കേരളം നെല്ലിന് നൽകുന്ന അധിക പ്രോത്സാഹന ബോണസ് നിർത്തലാക്കണമെന്ന് കേന്ദ്രനിർദ്ദേശം ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നെല്ലുൽപാദനം ആവശ്യത്തിലധികമായതിനാൽ സംഭരണച്ചെലവ് പൊതുഖജനാവിന് ബാധ്യതയാകുമെന്ന് കേന്ദ്ര ധനകാര്യ എക്സ്പെന്റീച്ചർ സെക്രട്ടറി ഔദ്യോഗികമായി സംസ്ഥാനത്തെ അറിയിച്ചെന്ന് മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞു. ഇത് സംബന്ധിച്ച കത്ത് സംസ്ഥാന ചീഫ് സെക്രട്ടറിക്കാണ് ലഭിച്ചതെന്നും പിണറായി വിജയൻ അറിയിച്ചു.

✪✪✪

കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസിൽ നിർമ്മിച്ച കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകീട്ട് ഉദ്ഘാടനം ചെയ്യും. ഉപകരണങ്ങളടക്കം 450 കോടിയോളം രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. കാൻസർ ചികിത്സാ ഗവേഷണ രംഗങ്ങളിൽ പുതിയ കേന്ദ്രം വലിയ മുന്നേറ്റമാകുമെന്ന് മന്ത്രി വീണാ ജോർജ്ജ് വിലയിരുത്തി. കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയേറിയതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിച്ചതെന്നും മന്ത്രി പറഞ്ഞു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വടക്കൻ മേഖല വികസന മുന്നേറ്റ ജാഥ ഇന്നും കോഴിക്കോട് ജില്ലയിൽ പര്യടനം തുടരും. ജാഥയ്ക്ക് മുതലക്കുളത്ത് 'കോഴിക്കോട് നോർത്ത്, സൗത്ത് മണ്ഡലങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകും. നാളെ ഫറോക്കിലെ സ്വീകരണത്തിന് ശേഷം ജാഥ മലപ്പുറം ജില്ലയിൽ പ്രവേശിക്കും.

✪✪✪

ഈ മാസം 15 ന് സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന വികസന ജനാധിപത്യ രാജ്യാന്തര കോൺഫറൻസിൽ പങ്കെടുക്കരുത് എന്നാവശ്യപ്പെട്ട് അമർത്യാസെൻ, റൊമീലാ ഥാപ്പർ എന്നിവരടക്കം പ്രമുഖർക്ക് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കത്തയച്ചു. മുഖം രക്ഷിക്കാൻ ഗവൺമെന്റ് നടത്തുന്ന PR ക്യാമ്പയിനിൽ പങ്കെടുക്കരുതെന്നാണ് കത്തിലെ ആവശ്യം.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ചാ കേസിൽ കോൺഗ്രസിന്റെ പങ്ക് പുറത്തുവരുമ്പോൾ അതിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് മുഖ്യമന്ത്രിക്ക് സ്ഥലകാല ബോധം നഷ്ടപ്പെട്ടുവെന്ന തരത്തിൽ തരംതാഴ്ന്ന പ്രസ്താവനയുമായി AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ രംഗത്തു വന്നതെന്ന് മന്ത്രി V ശിവൻകുട്ടി ആരോപിച്ചു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അതീവ സുരക്ഷാവലയത്തിൽ കഴിയുന്ന സോണിയാഗാന്ധിയെ സന്ദർശിക്കാൻ അവസരമൊരുക്കിയത് ആരാണെന്ന് വേണുഗോപാൽ വ്യക്തമാക്കണമെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

ശബരിമല സ്വർണ്ണകൊള്ളക്കേസിൽ SIT യുടെ ചോദ്യം ചെയ്യലുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന വാർത്തകൾ പലതും വ്യാജമാണെന്ന് UDF കൺവീനർ അടൂർ പ്രകാശ് വ്യക്തമാക്കി. മുതിർന്ന ഉദ്യോഗസ്ഥർ അല്ലാത്ത ചിലർ, മാധ്യമങ്ങൾ ആവശ്യപ്പെടുന്ന ഉത്തരങ്ങൾ നൽകുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ശബരിമല വിഷയത്തിൽ ഒന്നും ഒളിക്കാനില്ലെന്നും വലിയ ഭൂരിപക്ഷത്തിന് UDF അധികാരത്തിൽ വരുമെന്നും അടൂർ പ്രകാശ് അവകാശപ്പെട്ടു.

✪✪✪

കായികമേഖലയിലെ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ ഇടപെടണമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. തദ്ദേശ ജനപ്രതിനിധികളുമായി മലപ്പുറത്ത് നടത്തിയ മുഖാമുഖം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന സ്പോർട്സ് കൗൺസിലും തദ്ദേശസ്ഥാപനങ്ങളും സഹകരിച്ച് മികച്ച കായിക കേരളത്തിന് പരിശ്രമിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

പ്രൈമറിതലംമുതൽ കായികപഠനം പ്രാവർത്തികമാക്ക ണമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് 830 പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചതായും, "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയനുസരിച്ച് 165 പഞ്ചായത്തുകളിൽ കളിക്കളം നിർമിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം അല്പസമയത്തിനകം സർവീസസിനെ നേരിടും. അസമിലെ ധാകുവാ-ഖാന സ്റ്റേഡിയത്തിൽ ഉച്ചക്ക് ഒന്നിനാണ് പോരാട്ടം.

എട്ടാം കിരീടം ലക്ഷ്യമിടുന്ന കേരളത്തിന് ഇത് 16-ാം ഫൈനൽ പോരാട്ടമാണ്. സന്തോഷ് ട്രോഫി ചരിത്രത്തിൽ രണ്ടാം തവണയാണ് കേരളവും സർവീസസും മുഖാമുഖം വരുന്നത്.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് മൂന്ന് മത്സരങ്ങൾ. ഇന്നത്തെ ആദ്യ മത്സരത്തിൽ ന്യൂസിലാന്റ്, ഇപ്പോൾ അഫ്ഗാനിസ്ഥാനെ നേരിടുകയാണ്. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലെ മത്സരത്തിൽ ടോസ് നേടിയ അഫ്ഗാനിസ്ഥാൻ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ അഫ്ഗാനിസ്ഥാൻ 15 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 130 റൺസ് എടുത്തിട്ടുണ്ട്.

ഇന്നത്തെ രണ്ടാം മത്സരത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിന് മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ ഇംഗ്ലണ്ട്, നേപ്പാളിനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് ശ്രീലങ്ക , അയർലന്റിനെയും നേരിടും.

ഇന്നലെ മുംബൈയിൽ ഇന്ത്യ, അമേരിക്കയെ 29 റൺസിന് തോൽപ്പിച്ചിരുന്നു.

✪✪✪

കണ്ണൂർ മാങ്ങാട്ട് പറമ്പിൽ എട്ടാമത് സംസ്ഥാന CBSE തായ്ക്വാൻഡോ ചാമ്പ്യൻഷിപ്പിൽ മൗണ്ട് ഗൈഡ് ഇന്റർനാഷണൽ പെരിങ്ങത്തൂരും ചിന്മയ വിദ്യാലയ കാസർകോടും മുന്നേറുന്നു. സംസ്ഥാനത്തെ ആയിരത്തിലധികം വിദ്യാർത്ഥികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേരളത്തിലെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായി മാറുകയാണ് കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. 60 കോടിയോളം രൂപ ചെലവിലാണ് വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. മറ്റന്നാൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ സ്കൂൾ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.......(വോയ്സ്)................

✪✪✪

**131-ാമത് മാരാമൺ കൺവൻഷൻ ഉച്ചകഴിഞ്ഞ് ആരംഭിക്കും. പമ്പ മണൽ പുറത്ത് 15 വരെയാണ് കൺവൻഷൻ**

**പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.**

**......................( വോയ്സ്)....................**

✪✪✪

**ഇന്ത്യൻ വിമാനക്കമ്പനിയായ 'ഫ്ലൈ 91' നാളെ മുതൽ കൊച്ചിക്കും ലക്ഷദ്വീപിലെ അഗത്തിക്കുമിടയിൽ പ്രതിദിന സർവീസ് ആരംഭിക്കും. നിലവിൽ ഇൻഡിഗോയും, അലൈൻസ് എയറുമാണ് ലക്ഷദ്വീപിലേക്ക് സർവീസ് നടത്തുന്നത്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: അനിൽ ചന്ദ്രൻ, അബ്ദുൽ കബീർ*
*DEO: ഷീബ*